# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 371

11-06-2013-ൽ മറുപടിക്ക്

### ചാർജ്ജ് വർധനവ്

ചോദ്യം

ശ്രീ. എ. എ. അസീസ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രാവശ്യമാണ് ഗാർഹിക വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ രണ്ടു പ്രാവശ്യം അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും, 2013 മെയ് ഒന്നാം തീയതി മുതലും വൈദ്യുതി താരിഫ് വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇതു കൂടാതെ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രതിമാസം 300 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താനും ഇതിൽ കൂടുതൽ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് പത്തു രൂപ നിരക്കിൽ അധിക ചാർജ്ജ് ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2012 ജൂൺ മാസം മുതൽ ഇതൊഴി- വാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 2012 ഡിസംബർ 15- ാം തീയതി മുതല് 2013 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി

| | | |
|---|---|---|
| | | പ്രതിസന്ധി കണക്കിലെടുത്ത് പ്രതിമാസം 300 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും പ്രതിമാസം 300 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് അതാത് സ്ലാബ് നിരക്കിലുള്ള എനർജി ചാർജ്ജ്, നിലവിലുള്ള നിരക്കിനു പുറമെ പെനാൽറ്റിയായി ഈടാക്കുവാനും കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എത്ര രൂപ വീതമാണ് ഓരോ യൂണി റ്റിനും ഓരോ പ്രാവശ്യം വർദ്ധി പ്പിച്ച തെന്ന് വ്യക്തമാക്കുമോ? | (ബി) പ്രസ്തുത വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

U.S. Qn. No. 371

# അനുബന്ധം - 1.

(1) ഗാർഹികം - എൽ ടി 1(a)

| പ്രതിമാസ ഉപയോഗം | 2012 ജൂലൈ മാസത്തിനു മുമ്പുള്ള നിരക്ക് (രൂപ യൂണിറ്റ്) | 2012 ജൂലൈ മുതൽ 2013 ഏപ്രിൽ വരെ | | 2013 മെയ് മുതൽ പുതുക്കിയ നിരക്ക് | | |
|---|---|---|---|---|---|---|
| | | നിരക്ക് (രൂപ യൂണിറ്റ്) | വർദ്ധനവ് (രൂപ യൂണിറ്റ്) | പ്രതിമാസ ഉപയോഗം | നിരക്ക് (രൂപ യൂണിറ്റ്) | വർദ്ധനവ് (രൂപ യൂണിറ്റ്) |
| 0-40 | 1.15 | 1.50 | 0.35 | 0-40 | 1.50 | വർദ്ധനവ് ഇല്ല |
| 41-80 | 1.90 | 2.40 | 0.50 | 0-80 | 2.20 | 0 മുതൽ 40 യൂണിറ്റു വരെ 70 പൈസ വർദ്ധനവ്<br>41 മുതൽ 80 യൂണിറ്റു വരെ 20 പൈസ കുറവ് |
| 81-120 | 2.40 | 2.90 | 0.50 | 81-120 | 3.00 | 0.10 |
| 121-150 | 3.00 | 3.60 | 0.60 | 121-150 | 3.80 | 0.20 |
| 151-200 | 3.65 | 4.80 | 1.15 | 151-200 | 5.30 | 0.50 |
| 201-300 | 4.30 | 6.00 | 1.70 | 201-300 | 6.50 | 0.50 |
| 301-500 | 5.30 | 7.50 | 2.20 | 0 -350 | 5.00 | നോൺ ടെലിസ്കോപ്പിക് |
| 500 -ന് മുകളിൽ | 5.45 | 6.50 (മുഴുവൻ യൂണിറ്റിനും) | | 0-400 | 5.50 | |
| | | | | 0-500 | 6.00 | |
| | | | | 500 -ന് മുകളിൽ | 7.00 | |

ദ്വൈമാസം 240 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ 25.07.2012 മുതൽ ഉള്ള താരിഫ് വർദ്ധനവിൽ നിന്നും 1.05.2013 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ നിന്നും, 1.05.2013 മുതൽ മൂന്നു മാസത്തേക്ക് ഗവൺമെൻറ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. അതായത് ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപുള്ള വൈദ്യുതി ചാർജ്ജ് നൽകിയാൽ മതിയാകും.

തൊട്ടു മുൻപിലത്തെ ആറുമാസത്തെ പ്രതിമാസ ശരാശരി ഉപഭോഗം 40 യൂണിറ്റോ അതിൽ കുറവുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ